## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2141** **11.06.2018-ൽ മറുപടിക്ക്**

<u>ക്യാൻസർ ബാധിതർക്ക് മെച്ചപ്പെട്ട ചികിത്സയും സഹായവും</u>

| **ചോദ്യം**<br>**ശ്രീ.പി.കെ.ശശി** | **മറുപടി**<br>**കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ക്യാൻസർ രോഗബാധിതർ കൂടി വരുന്നതു പരിശോധിച്ച് രോഗബാധിതരെ സഹായിക്കാനും മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാനുമായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ആർ.സി.സി., മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങളിൽ മാത്രമായിരുന്നു സർക്കാർ മേഖലയിൽ അർബുദ ചികിത്സ ലഭ്യമായിരുന്നത്. മറ്റ് ജില്ലകളിൽ വസിക്കുന്ന അർബുദ രോഗികൾക്ക് ഈ സ്ഥാപനങ്ങളെ ചികിത്സയ്ക്കായി ആശ്രയിക്കേണ്ടി വരുന്നത് ശാരീരികമായും മാനസികമായും സാമ്പത്തികവുമായ വൈഷമ്യങ്ങൾ അനുഭവിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലും ഒരു ക്യാൻസർ ചികിത്സാ കേന്ദ്രം എന്ന ആശയവുമായി ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ ആരംഭിച്ചു. ആരോഗ്യ വകുപ്പിൽ അർബുദരോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്ക് റീജിയണൽ ക്യാൻസർ സെന്ററുകളിൽ വിദഗ്ധ പരിശീലനം നൽകി ഈ സെന്ററുകളിൽ വിന്യസിക്കുകയുണ്ടായി. ഇപ്പോൾ 18 ആശുപത്രികളിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ 40000-ത്തിലധികം കീമോതെറാപ്പികളും മറ്റ് അനുബന്ധ ചികിത്സാ രീതികളും നടത്തപ്പെട്ടിട്ടുണ്ട്. ഇത് കൂടുതൽ കേന്ദ്രങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാന ആരോഗ്യ വകുപ്പ് എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ പാലിയേറ്റീവ് കീമോതെറാപ്പി നൽകുന്നതിനുള്ള **'അഭയം'** പദ്ധതിക്ക് തുടക്കം കുറിക്കുകയുണ്ടായി. ആർ.സി.സി.യിലും മലബാർ ക്യാൻസർ സെന്ററിലും പരിശീലനം ലഭിച്ച ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഈ കേന്ദ്രങ്ങളിൽ മരുന്നുകളോട്ട് പ്രതികരിക്കാത്ത മൂർദ്ധന്യാവസ്ഥയിലുള്ള ക്യാൻസർ രോഗികളുടെ |

| | | | |
|---|---|---|---|
| . | | | പരിചരണം ഉദ്ദേശിച്ചിട്ടുള്ളതാണ്. |
| (ബി) | ആരോഗ്യ വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്താകമാനം സർക്കാർ-സ്വകാര്യ ആശുപത്രികളിലായി ക്യാൻസർ ചികിത്സ തേടി വരുന്നവർ എത്ര; | (ബി) | കേരളത്തിൽ പൂർണ്ണതോതിലുള്ള ഒരു ക്യാൻസർ രജിസ്ട്രി നിലവിലില്ല. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിലും, തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലും പ്രവർത്തിച്ചുവരുന്ന ക്യാൻസർ രജിസ്ട്രിയിലുള്ള കണക്കുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ 2016 മുതൽ 2017 വരെയുള്ള കാലയളവിൽ 32622 പേരും, മലബാർ ക്യാൻസർ സെന്ററിൽ 8979 പേരും ചികിത്സ തേടിയെത്തിയിട്ടുണ്ട്. തുടർ ചികിത്സയ്ക്കായി മലബാർ ക്യാൻസർ സെന്ററിൽ എത്തിയവരുടെ എണ്ണം 2016-ൽ 52890-ഉം, 2017-ൽ 61404-ഉം ആണ്. |
| (സി) | ക്യാൻസർ ചികിത്സയുടെ വർദ്ധിച്ച ചെലവുകളും രോഗ കാരണങ്ങളുടെ വിശകലനങ്ങളിലെ വ്യത്യസ്തതകളും കണക്കിലെടുത്ത് സംസ്ഥാനത്തെ ചികിത്സാകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളും ഗവേഷണ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് കാര്യക്ഷമമാക്കാനും ഫലപ്രദമായ ചികിത്സയും ഇതിനാവശ്യമായ കേന്ദ്രസഹായവും ഉറപ്പ വരുത്താനും ശേഷമുള്ള എല്ലാ സഹായങ്ങളും സംസ്ഥാന സർക്കാർ ഉറപ്പ വരുത്താനുമായി ഈ സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്തെ മുഴുവൻ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന ക്യാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ട്. ഇതു വഴി ശേഖരിക്കപ്പെടുന്ന വിവരം ഉപയോഗിച്ച് ക്യാൻസർ ചികിത്സാ രംഗത്ത് പ്രതിരോധ ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് ആവശ്യമായ കേന്ദ്രഫണ്ട് ലഭ്യമാക്കുന്നതിന് വ്യക്തമായ പദ്ധതികൾ കേന്ദ്രസർക്കാർ മുമ്പാകെ സമർപ്പിക്കുന്നതിന് സാധിക്കുന്നതാണ്. |
| (ഡി) | ക്യാൻസർ രോഗബാധ കണ്ടെത്താനായി താലൂക്കുകൾ തോറും സർക്കാർ നിയന്ത്രണത്തിൽ നിരീക്ഷണ ക്യാമ്പുകൾ നടത്തുവാനും ആവശ്യമുള്ളവർക്ക് ചികിത്സ ഉറപ്പ വരുത്താനുമായി സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ? | (ഡി) | സർക്കാർ മേഖലയിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങളുടെ അപര്യാപ്തത കണക്കിലെടുത്ത് സംസ്ഥാന ആരോഗ്യവകുപ്പ് എല്ലാ ജില്ലകളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സ ഉറപ്പവരുത്തുന്ന ജില്ലാ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 18 ആശുപത്രികളിലായി പ്രവർത്തിച്ചുവരുന്ന ഈ കേന്ദ്രങ്ങളിലൂടെ 20000-ഓളം രോഗികൾക്ക് സേവനം ലഭ്യമാക്കുകയും 2300-ഓളം പുതിയ രോഗികളെ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിനുപുറമെ എല്ലാ സാമ്പത്തിക വർഷവും മുൻസിപ്പൽ പ്രദേശങ്ങളും ഗ്രാമപ്രദേശങ്ങളും കേന്ദ്രീകരിച്ചുകൊണ്ട് ക്യാൻസർ നിർണ്ണയ |

| | | | |
|---|---|---|---|
| | | | ക്യാമ്പുകൾ ക്യാൻസർ കെയർ പദ്ധതിയുടെ ഭാഗമായും NPCDCS (National Programme for Prevention and Control of Cancer, Diabetes, Cardovascular Diseases and Stroke) പദ്ധതിയുടെ ഭാഗമായും നടത്തിവരുന്നു. |

Bindu

സെക്ഷൻ ഓഫീസർ